"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.രാംപ്രസാദ് പി.ആർ., ക്ലർക്ക്, ദേവികുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1588/2023/LSGD തീയതി,തിരുവനന്തപുരം, 04-08-2023

---

പരാമർശം:-
1. 10/05/2020 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന ഉത്തരവ്
3. 18/06/2020 തീയതിയിലെ സ.ഉ.(സാധാ) നം.1191/2020/തസ്വഭവ
4. 11/11/2021 തീയതിയിലെ സ.ഉ.(സാധാ) നം.2256/2021/തസ്വഭവ
5. 19/08/2022 തീയതിയിലെ സ.ഉ.(സാധാ) നം.2013/2022/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 15/07/2023 തീയതിയിലെ 5100/ഇ1/2020/കെ.എസ്.എച്ച്.ഒ.നം.കത്ത്

**ഉത്തരവ്**

ശ്രീ.രാംപ്രസാദ് പി.ആർ., ക്ലർക്ക്, ദേവികുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ സംസ്ഥാനമിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം 4, 5 ഉത്തരവുകൾ പ്രകാരം അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചു നൽകുകയുമുണ്ടായി. ടിയാളുടെ അന്യത്രസേവന കാലാവധി 03/08/2023-ൽ അവസാനിക്കുന്നതായും 04/08/2023 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനകാലം ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (6) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.രാംപ്രസാദ് പി.ആർ., ക്ലർക്ക്, ദേവികുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി എന്നവരുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 04/08/2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.രാംപ്രസാദ് പി.ആർ., ക്ലർക്ക്, ദേവികുളം ഗ്രാമപഞ്ചായത്ത്, ഇടുക്കി (പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/305/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 04-08-2023 16:51:42

സെക്ഷൻ ഓഫീസർ